# SRVALP SCHOOL KAZHANI




# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# വിദ്യാലയം അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എസ്.ആർ.വി.എ.എൽ.പി.എസ്. കഴനി |
| വിലാസം | : | കാവശ്ശേരി.പി.ഒ, പാലക്കാട് 678 543 |
| ഫോൺ | : | 04922 237577 |
| സ്കൂൾ കോഡ് | : | 21231 |
| വിദ്യാഭ്യാസ ഉപജില്ല | : | ആലത്തൂർ |
| വിദ്യാഭ്യാസ ജില്ല | : | പാലക്കാട് |
| റവന്യൂ ജില്ല | : | പാലക്കാട് |
| ബി.ആർ.സി. | : | ആലത്തൂർ |
| സി.ആർ.സി. | : | ജി.എൽ.പി.എസ്, കൊങ്ങളക്കോട് |
| ഗ്രാമപഞ്ചായത്ത് | : | കാവശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | ആലത്തൂർ |
| ജില്ലാ പഞ്ചായത്ത് | : | പാലക്കാട് |
| നിയമസഭാമണ്ഡലം | : | തരൂർ |
| ലോകസഭാമണ്ഡലം | : | ആലത്തൂർ |
| താലൂക്ക് | : | ആലത്തൂർ |
| വില്ലേജ് | : | കാവശ്ശേരി II |
| ഇ മെയിൽ | : | srvalpskazhani@gmail.com |



2025/06/23 16:10

# ആമുഖം

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ഗവൺമെന്റ് ആവിഷ്കരിച്ച ഒരു പദ്ധതിയാണല്ലോ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഈ പദ്ധതി ഫലപ്രാപ്തിയിലെത്തിക്കുന്നിതനു വേണ്ടി സ്കൂളിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിനായി ഓരോ വിദ്യാലയവും സ്കൂളിന്റെ സമഗ്ര വികസന പദ്ധതി തയ്യാറാക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടന്നു വരികയും ചെയ്യുന്നു.

അക്കാദമിക മികവാണ് വിദ്യാലയ മികവ്. ഓരോ പഠിതാവിന്റേയും നൂറു ശതമാനം അക്കാദമിക വികസനം ഒരു വിദ്യാലയത്തിന്റെ സ്വപ്നമാണ്. ഈ സ്വപ്ന സാക്ഷാത്കാരത്തിനു വേണ്ടി മികച്ച പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുകയും അവ കൃത്യമായി നടപ്പിലാക്കുകയും വേണം. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലൂടെ അതാണ് നാം ലക്ഷ്യമിടുന്നത്.

രാഷ്ട്രത്തിന്റെ ഭാവി ക്ലാസ്സ്മുറികളിലാണ് രൂപപ്പെടുന്നത്. രാഷ്ട്രത്തെ മുന്നോട്ടു നയിക്കുന്നതിനാവശ്യമായ മൂല്യങ്ങൾ വികസിപ്പിക്കുന്നതിൽ വിദ്യാലയാനുഭവങ്ങൾക്കും ക്ലാസ്സ് തല പഠന പ്രക്രിയകൾക്കും വലിയ പങ്കുണ്ട്. കുട്ടിയുടെ ജിജ്ഞാസയും ഭാവനയും പഠന താല്പര്യവും വളർത്തുന്ന അന്തരീക്ഷമാണ് സ്കൂളുകളിൽ ഉണ്ടായിരിക്കേണ്ടത്. ഇത്തരം അന്തരീക്ഷം സ്കൂളിൽ ഒരുക്കുന്നതിനും കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ സജ്ജമാക്കുന്നതിനും മികച്ച ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അവരുടെ അക്കാദമിക നിലവാരം എങ്ങനെ മെച്ചപ്പെടുത്താം എന്നാണ് നാം ചിന്തിക്കേണ്ടത്. സ്കൂളിലെ ഏറ്റവും പിന്നോക്കക്കാരും മുന്നോക്കക്കാരും ഈ പദ്ധതിയുടെ ഭാഗമാകണം. അതിനു വേണ്ടി സ്കൂളിലെ ഓരോ പഠിതാവിനും പ്രയോജനപ്പെടുന്ന രീതിയിൽ അക്കാദമിക പ്ലാൻ തയ്യാറാക്കേണ്ടുണ്ട്.

2025 06 23 16:10

# ചരിത്രം

പാലക്കാട് ജില്ലയിലെ ആലത്തൂർ സബ്ജില്ലയിൽ പെട്ട കഴനി എന്ന പ്രദേശത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1930 ൽ ശ്രീ ശങ്കരൻ നായർ അയർ പുള്ളി വീട് ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്. തികച്ചും ഒരു ഗ്രാമീണ പശ്ചാത്തലത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ആദ്യകാലത്ത് ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സുകളാണ് ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചിരുന്നത്. ആദ്യകാല അധ്യാപകരിൽ ആരും തന്നെ ഇപ്പോൾ ജീവിച്ചിരിപ്പില്ല.

ഈ വിദ്യാലയത്തിലെ 50% ത്തിൽ അധികം വിദ്യാർത്ഥികളും പട്ടികജാതിയിൽ പെട്ടവരായിരുന്നു. ഈ പ്രദേശത്തെ ആദ്യവിദ്യാലയമായിരുന്നു ഇത്. ഇരട്ടക്കുളം, തെന്നിലാപുരം, കല്ലേപ്പുള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും നല്ലൊരു ശതമാനം കുട്ടികൾ ഈ വിദ്യാലയത്തിലേക്ക് വന്നിരുന്നു. നിരവധി കായിക താരങ്ങൾ അധ്യാപകർ എന്നിവർക്ക് ഈ വിദ്യാലയം ജന്മം നൽകിയിട്ടുണ്ട്. 1980 മുഴുവൻ ഈ വിദ്യാലയത്തിന്റെ മാനേജർ ശ്രീ. സി. കേശവൻ നമ്പൂതിരിയാണ്.

2008 ൽ പഴയ കെട്ടിടം പൊളിച്ച് KER പ്രകാരമുള്ള പുതിയ സ്കൂൾ പണിതു. 2016 മാർച്ചിൽ പുതിയ ഓഫീസ് റൂമും കമ്പ്യൂട്ടർ റൂമും സ്കൂളിന് സമർപ്പിച്ചു. അക്കാദമിക നിലവാരത്തിൽ മികച്ച നിലയിൽ നിൽക്കുന്ന ഈ വിദ്യാലയത്തിലെ ഇപ്പോഴത്തെ എച്ച്.എം ശ്രീമതി. ടി. സതിയാണ്. 62ഓളം വിദ്യാർത്ഥികളുമായി പഴയ യശസ്സോടെ ഈ വിദ്യാലയം ഇപ്പോഴും നിലകൊള്ളുന്നു.

അക്കാദമിക മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ :-

* വായിക്കാം വളരാം
* ശാസ്ത്രം കൗതുകം
* ഗണിതച്ചെപ്പ്
* മലയാളം മധുരം
* മികച്ച അസംബ്ലി, മികവുറ്റ അസംബ്ലി
* മലയാളം രചനാ ശിൽപശാല
* ടാലന്റ് ലാബ്
* വൈവിധ്യമാർന്ന ദിനാചരണങ്ങൾ
* സന്നാഹം "എൽ. എസ്. എസ്"
* ഇംഗ്ലീഷ് സംസാരിക്കാം, വീട്ടിലും വിദ്യാലയത്തിലും
* മികച്ച ക്ലാസ് പി.ടി.എ.
* ശ്രദ്ധ
* സമഗ്ര ഗുണമേന്മ പദ്ധതി
* പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.
* നൂതനാശയ പ്രവർത്തനങ്ങൾ

2025 06 23 16:10

# വായിക്കാം വളരാം

ആമുഖം : വായനയും എഴുത്തും അറിവും ആവേശവും നൽകുന്ന പ്രക്രിയയാണ്. സ്കൂളുകളിൽ വെച്ചാണ് വായനയും എഴുത്തും വളരുന്നത്. പാഠപുസ്തകങ്ങൾക്കപ്പുറം വായനയുടെയും എഴുത്തിന്റെയും തലം വികസിപ്പിക്കേണ്ടതുണ്ട്

ലക്ഷ്യം : കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കുക. ക്ലാസ്സ് ലൈബ്രറി.

പ്രവർത്തനങ്ങൾ: ജനുവരി അവസാന വാരം എസ്ആർ ജി കൂടി ഈ മേഖലയെ പരിപോഷിപ്പിക്കുന്നതിന് വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാമെന്ന് ചർച്ച ചെയ്യുന്നു. പരമാവധി ബാലമാസികകൾ പുസ്തകങ്ങൾ വായനക്കാർഡുകൾ എന്നിവ സ്കൂളിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നു. സ്കൂളിൽ നിലവിലുള്ള പുസ്തകങ്ങളെയും ശേഖരിച്ച പുസ്തകങ്ങളെയും ക്ലാസടിസ്ഥാനത്തിൽ തരം തിരിച്ച് ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കുന്നു. ഉച്ചക്ക് 1.15 മുതൽ 1.45 വരെയും വൈകിട്ട് 3.15 മുതൽ 3.45 വരെയും വായനക്കായി ഉപയോഗിക്കുന്നു.

2025 06 23 16:10

* 1, 2 ക്ലാസുകളിലെ പുസ്തക വിതരണത്തിന്റെ ചാർട്ട് അതാത് ക്ലാസ് അധ്യാപകർക്കും 3,4 ക്ലാസുകളിൽ തിരഞ്ഞെടുത്ത കുട്ടികൾക്കും നൽകുന്നു. ഇതോടൊപ്പം പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ മാസികകൾ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുകയും വായനക്കുള്ള അവസരം നൽകുകയും ചെയ്യുന്നു.
* കുട്ടികളുടെ വായനാനുഭവം പങ്കുവെക്കൽ വായനക്കുറിപ്പുകളുടെ അവതരണം വായനാമത്സരം എന്നിവ ബാലസഭയിൽ സംഘടിപ്പിക്കുന്നു.
* മാതൃസമിതി വിളിച്ചു കൂട്ടി അവധിക്കാല വായനക്കായി അമ്മമാർക്കും കുട്ടികൾക്കും പുസ്തകവിതരണം ചെയ്യുന്നു.
* തുടർപ്രവർത്തനം.
* അമ്മമാരുടെ വായനാമത്സരം സംഘടിപ്പിക്കൽ
* അധ്യാപകരുടെയും കുട്ടികളുടെയും രക്ഷിതാക്കളുടെയും ഒരു ഏകദിന ശില്പശാല സംഘടിപ്പിക്കുകയും അതിൽ നിന്ന് മികച്ച രചനകൾ കണ്ടെത്തുന്നു.
* മാഗസിൻ പ്രകാശനം.

കാലയളവ് : ജനുവരി മുതൽ സെപ്തംബർ വരെ.

2025 06 23 16:10

ശാസ്ത്ര കൗതുകം

ആമുഖം : ശാസ്ത്ര പഠനത്തിനാവശ്യമായ റിസോഴ്സുകൾ വിദ്യാലയങ്ങളിൽ കൂടുതൽ വേണ്ടിയിരിക്കുന്നു. നിരന്തരം വികസിച്ചു കൊണ്ടിരിക്കുന്നതും. ഒരവസരത്തിലും സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്നതുമായ ശാസ്ത്ര ലാബ് വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

ലക്ഷ്യം : ശാസ്ത്ര പഠനം ആസ്വാദകരമാക്കുക

പ്രവർത്തനങ്ങൾ : എസ് ആർ ജി കൂടി 1 മുതൽ 4 വരെ ക്ലാസുകളിലെ ശാസ്ത്ര പഠനത്തിനാവശ്യമായ സാധനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. നിലവിലുള്ളവ, വാങ്ങേണ്ടവ എന്നിങ്ങനെ തരം തിരിക്കുന്നു.

* പി.ടി. എയുടെ സഹകരണത്തോടെ സാമഗ്രികൾ വാങ്ങൽ.

* ശാസ്ത്രമൂല കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി ഒരു ചില്ലലമാര വാങ്ങി സാധനങ്ങൾ പ്രദർശിപ്പിക്കുന്നു.

* ശാസ്ത്ര ഉപകരണങ്ങളുടെ സഹായത്തോടെ പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നടത്തി കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തുകയും ശാസ്ത്ര പഠനം രസകരമാക്കുകയും ചെയ്യുന്നു.

* കാലയളവ് : ഫെബ്രുവരി മുതൽ മാർച്ച് വരെ.

# ഗണിതച്ചെപ്പ്

ആമുഖം. ദൈനംദിന ജീവിതത്തിൽ ചതുഷ്ക്രിയകൾക്ക് വളരെയധികം സ്ഥാനമുണ്ട് പ്രൈമറി വിദ്യാഭ്യാസം പൂർത്തിയായ ഒരു വിദ്യാർത്ഥിയ്ക്ക് ചതുഷ്ക്രിയകളെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാവേണ്ടതാണ്.

ലക്ഷ്യം. * ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

പ്രവർത്തനങ്ങൾ : * ഓരോ ക്ലാസിലും പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു.

* നിലവാരത്തിനനുസരിച്ച് കുട്ടികളെ ഗ്രൂപ്പാക്കുന്നു
* അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.

സങ്കലനം വ്യവകലനം ഗുണനം ഹരണം എന്നീ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിരയിൽ എത്തിക്കുന്നതിന്റെ ഉത്തരവാദിത്വം ക്ലാസ് അധ്യാപകർക്ക് നൽകുന്നു.

* സാധനങ്ങൾ സാമഗ്രികൾ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

കാലയളവ് : ഫെബ്രുവരി മുതൽ ഡിസംബർ.

2025/06/23 16:10

# മലയാളം മധുരം

വായന അറിവും അനുഭവവും നൽകുന്ന പ്രക്രിയയാണ്. സ്കൂളുകളിൽ വെച്ചാണ് വായന വികാസം പ്രാപിക്കുന്നത്. പാഠപുസ്തകങ്ങൾക്കപ്പുറം വായനയുടെ തലം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

* മുഴുവൻ കുട്ടികളെയും വായനയിൽ താൽപര്യമുള്ളവരാക്കി മാറ്റുക.
* വായന ശീലവും ലഹരിയും ആക്കി മാറ്റുക.
* രക്ഷിതാക്കളെ വായനയുടെ പ്രാധാന്യവും പ്രസക്തിയും ബോധ്യപ്പെടുത്തുക.
* മികച്ച വായനക്കാരെ അംഗീകരിക്കാനും ആദരിക്കാനും പുതിയ മാർഗങ്ങൾ കണ്ടെത്തുക.

## പ്രവർത്തനങ്ങൾ

* വിവിധ വായനാസാമഗ്രികളുടെ ശേഖരണം.
* അസംബ്ലി വായന
* ഓരോ മാസങ്ങളിലും നടക്കുന്ന ക്ലാസ് PTA

2025/06/23 16:10

Meeting-ൽ ഒരു വായനാപ്രവർത്തനമെങ്കിലും പരിചയപ്പെടുത്തുക. വായനാശീല കോഷികരിക്കുക.

* പഠനസമയത്തിന് പുറത്ത് വായനക്കായി പ്രത്യേക സമയം കണ്ടെത്തുന്നു.

കാലയളവ് !- 2024 - 2025 ജൂൺ - മാർച്ച്.

## വികൃത അസംബ്ലി വികസിത അസംബ്ലി

### ആമുഖം.

കുട്ടികളിൽ അച്ചടക്ക ശീലം ഉണ്ടാക്കുന്നതിനും പൊതുകാര്യങ്ങൾ ദിവസേനയോ അല്ലെങ്കിൽ ആഴ്ചയിൽ ഒരിക്കലോ അവതരിപ്പിക്കാനുള്ള ഒരു വേദി കൂടിയാണ് അസംബ്ലി.

### ലക്ഷ്യം

വികൃത അസംബ്ലി.

### പ്രവർത്തനങ്ങൾ.

* എസ്. ആർ. ജി കൂടി നിലവിലുള്ള അസംബ്ലി കുറച്ചു കൂടി എങ്ങനെ മെച്ചപ്പെടുത്താമെന്ന് ചർച്ച ചെയ്യുന്നു. ന്യൂനതകൾ കണ്ടെത്തി മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

* ഓരോ ദിവസത്തെയും അസംബ്ലിയുടെ ചുമതല ഓരോ ക്ലാസ്സിന് നൽകുന്നു.

* വൈവിധ്യമാർന്ന പരിപാടികൾ ഉൾപ്പെടുത്തി അസംബ്ലി വികസിതമാക്കുന്നു.

2025/06/23 16:10

## കാലയളവ്·

ജൂൺ മുതൽ മാർച്ച് വരെ.

2025/06/23 16:10

# മലയാളം - രചനാ ശില്പശാല

## ആമുഖം:

ലോവർ Primary കഴിഞ്ഞു പോകുമ്പോഴേക്കും എല്ലാ കുട്ടികളും അക്ഷരത്തെറ്റില്ലാതെ എഴുതാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടുകൂടി തുടങ്ങാൻ പോകുന്ന പ്രവർത്തനമാണിത്. തെറ്റില്ലാതെ മാതൃഭാഷ എഴുതുന്നതിന് പ്രാപ്തരാക്കുക.

## ലക്ഷ്യങ്ങൾ:

* ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിന്
* ആശയ വ്യക്തത.
* രചനാ പാടവം വർദ്ധിപ്പിക്കുന്നതിന്.
* വാക്യഘടന പാലിക്കുന്നതിന്.

## പ്രവർത്തനം:

* കഥ, കവിത, അനുഭവക്കുറിപ്പുകൾ, ഡയറിക്കുറിപ്പുകൾ സമാന കവിത, വിവരണം, കത്ത്, തുടങ്ങിയ വ്യവഹാരരൂപങ്ങൾ തയ്യാറാക്കുന്നതിന് ആവശ്യമായ സന്ദർഭങ്ങൾ ഒരുക്കൽ.

2025/06/23 16:10

* ആഴ്ചയിൽ രണ്ടുദിവസം 3 മണിക്കുശേഷം രചനാ-ശില്പശാല Class teacher ന്റെ നേതൃത്വത്തിൽ ശില്പശാല നടത്തുന്നു.

* ചിത്ര സൂചകങ്ങളിലൂടെയും, അധ്യാപകൻ നൽകുന്ന വാക്യങ്ങളിലൂടെയും കുട്ടികൾ സ്വന്തം രചനകൾ വികസിപ്പിക്കുന്നു.

വെല്ലുവിളി

* ഭിന്ന നിലവാരക്കാരായ കുട്ടികൾ
* സമയം കണ്ടെത്തൽ.

പരിഹാരം.

* ഗ്രൂപ്പ് ആയി തിരിച്ച് പ്രവർത്തനം നൽകുന്നു.
* 3.30 മുതൽ 4.30 വരെ വൈകുന്നേരങ്ങളിൽ ആഴ്ചയിൽ 2 ദിവസം.

2025/06/23 16:10

# ടാലന്റ് ലാബ്

## ആമുഖം

പഠന പുരോഗതി മാത്രമല്ല, സ്വയം തിരിച്ചറിയൽ, സർഗ്ഗാത്മക ചിന്ത, നിരീക്ഷണ പാടവം, നേതൃപാടവം, ആശയവിനിമയ ശേഷി തുടങ്ങിയവ ആർജ്ജിക്കാനും വിവിധ മേഖലകളിലെ കഴിവുകൾ തിരിച്ചറിയാനും ടാലന്റ് ലാബുകളിലൂടെ സാധിക്കുന്നു.

## ലക്ഷ്യം

ടാലന്റ് ലാബ്

## പ്രവർത്തനങ്ങൾ

വിവിധയിനം കലോത്സവങ്ങൾ സംഘടിപ്പിച്ച് അതിൽ നിന്ന് ഒരേ ഇനത്തിൽ കഴിവ് തെളിയിച്ച കുട്ടികളെ കണ്ടെത്തി ഗ്രൂപ്പാക്കുന്നു.

വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യമുള്ള വ്യക്തികളെ പരിസരത്തു നിന്നും കണ്ടെത്തി അവരുടെ സേവനം കുട്ടികൾക്ക് ലഭ്യമാക്കുന്നു.

* കുട്ടികൾക്ക് അവരുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അനുയോജ്യമായ സാഹചര്യം ഒരുക്കുന്നു.

കാലം.

ജൂൺ മുതൽ മാർച്ച് വരെ.

2025/06/23 16:10

# വൈവിധ്യമാർന്ന ദിനാചരണങ്ങൾ.

ആമുഖം : പ്രത്യേകം പ്രാധാന്യമർഹിക്കുന്ന ദിനങ്ങളെ സംബന്ധിക്കുന്ന കൂടുതൽ അറിവുകൾ കുട്ടികളിൽ എത്തിക്കുന്നതിന് ദിനാചരണങ്ങൾ അസംബ്ലിയുടെ ഭാഗമാക്കേണ്ടതാണ്.

ലക്ഷ്യം : വൈവിധ്യമാർന്ന ദിനാചരണങ്ങൾ.

പ്രവർത്തനങ്ങൾ: ജൂൺ ആദ്യവാരം എസ് ആർ ജി കൂടി ദിനാചരണങ്ങൾ ആഘോഷിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യുകയും വ്യത്യസ്തമായ രീതിയിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു. ആ ദിനാചരണങ്ങൾ ചുവടെ ചേർക്കുന്നു.

ചങ്ങമ്പുഴ ചരമദിനം
ബഷീർ ചരമദിനം
ലോക നാട്ടറിവ് ദിനം
അധ്യാപക ദിനം
അന്താരാഷ്ട്ര ഓസോൺ ദിനം
വൈലോപ്പിള്ളി ചരമദിനം
ഗാന്ധിജി രക്തസാക്ഷി ദിനം
അന്താരാഷ്ട്ര മാതൃഭാഷാദിനം
ലോകജലദിനം

കാലയളവ് : ജൂൺ മുതൽ മാർച്ച്.

2025/06/23 16:10

സന്നാഹം എൻ എസ് എസ്.

ആശയം : മികച്ച കഴിവുകളുള്ള ഒരു കൂട്ടം വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും പാഠപുസ്തകങ്ങൾക്കപ്പുറമുള്ള മികവുറ്റ പഠനാനുഭവങ്ങൾ അവർക്ക് നൽകുകയും ചെയ്യുന്നു.

ലക്ഷ്യം : കൂടുതൽ കുട്ടികൾ എൻ എസ് എസ് നേടിയെടുക്കുന്നു.

പ്രവർത്തനങ്ങൾ: * ജൂലൈ മൂന്നാം വാരം അക്കാദമിക്കോടെയും കുട്ടികളുടെ പഠന മികവ് മനസ്സിലാക്കി എൻ എസ് എസിന് തയ്യാറെടുപ്പിക്കേണ്ട കുട്ടികളെ തെരഞ്ഞെടുക്കുന്നു.

* അവർക്കായി പ്രത്യേകം ചോദ്യങ്ങൾ തയ്യാറാക്കുകയും എല്ലാ ആഴ്ചയിലും നിശ്ചിത സമയം കണ്ടെത്തി അവരെ പരിശീലിപ്പിക്കുകയും ചെയ്യുന്നു. കൂടുതൽ മെച്ചപ്പെടുത്തലിനായി റിസോഴ്സ് ടീച്ചേഴ്സിനെ ഉപയോഗപ്പെടുത്തുന്നു.

* ആഴ്ചയിൽ രണ്ട് പ്രവൃത്തി ദിനത്തിൽ നിശ്ചിത സമയവും മാസത്തിൽ രണ്ട് അവധി ദിവസങ്ങളിലും എൻ എസ് എസ് പരിശീലനം നടത്തുന്നു എന്ന് ക്ലാസ് ടീച്ചർ ഉറപ്പുവരുത്തുന്നു.

* ഡിസംബർ മാസത്തിൽ ഒരു എൽ എസ്എസ് പരീക്ഷ ചോദ്യപേപ്പർ ക്ലാസധ്യാപിക തയ്യാറാക്കുകയും വളരെ മോശമായി പ്രതികരിച്ച വിദ്യാർത്ഥികളെ ഈ ഗ്രൂപ്പിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്നു. ബാക്കിയുള്ളവർക്ക് ജനുവരി, ഫെബ്രുവരി, മാസങ്ങളിൽ കൂടുതൽ സമയം കണ്ടെത്തി പരിശീലനങ്ങൾ നൽകുന്നു.
കാലയളവ്: ജൂലൈ മുതൽ ഫെബ്രുവരി.

2025/06/23 16:10

# ഇംഗ്ലീഷ് സംസാരിക്കാം വീട്ടിലും വിദ്യാലയത്തിലും.

## ആമുഖം.

മലയാളത്തിലേതുപോലെ ഇംഗ്ലീഷിലും സംസാരിയ്ക്കാനും, എഴുതാനും, വായിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കേണ്ടത് ആവശ്യമായ ഒരു കാലഘട്ടത്തിലാണ് നാം ഓരോരുത്തരും ജീവിയ്ക്കുന്നത്.

## ലക്ഷ്യം

ഇംഗ്ലീഷ് സംസാരിക്കാം വീട്ടിലും വിദ്യാലയത്തിലും.

## പ്രവർത്തനങ്ങൾ.

പ്രീടെസ്റ്റ് നടത്തി ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. എഴുത്ത്, വായന, സംസാരം, എന്നീ മേഖലകളെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ എസ്. ആർ. ജി കൂടി ആസൂത്രണം ചെയ്യുന്നു.

എല്ലാ ദിവസവും 1 മണിക്കൂർ കുട്ടികളുമായി
ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നു.
എല്ലാ ദിവസവും ഒരു ഇംഗ്ലീഷ് ഭാഷ പരിപാടി
(കഥ, വായന, കളികൾ, പദ്യം ചൊല്ലൽ).

# മികച്ച ക്ലാസ്സ്. പി.ടി.എ.

ആമുഖം: കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് രക്ഷിതാക്കളെക്കൂടി പഠന പങ്കാളിയാക്കുക എന്നത് വിദ്യാലയങ്ങൾ ഗൗരവമായി പരിഗണിക്കുന്ന ഒരു മേഖലയാണ്. ശക്തമായ അധ്യാപക രക്ഷാകർതൃ ബന്ധം സ്ഥാപിച്ചുകൊണ്ട് രക്ഷിതാവിന്റെ ഇടപെടൽ ഗുണാത്മകമാക്കുന്നതിന് നടപ്പിലാക്കിയ നൂതന പദ്ധതിയാണ് വ്യക്തിഗത ക്ലാസ്സ്. പി.ടി.എ.

ലക്ഷ്യം : ക്ലാസ് പി.ടി.എ സജീവമാക്കൽ

പ്രവർത്തനങ്ങൾ : മെയ് 31 2024 എസ്.ആർ.ജി കൂടി വാർഷിക കലണ്ടർ തയ്യാറാക്കി ക്ലാസ് പി.ടി.എ നടത്തേണ്ട തിയ്യതികൾ കണ്ടെത്തുന്നു. ജൂലൈ ആദ്യ വാരം നടക്കുന്ന എസ്.ആർ.ജിയിലെ ക്ലാസ് പി.ടി.എ യിൽ രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനു ക്ലാസ്സ്. പി.ടി.എ എങ്ങനെ മികവുറ്റതാക്കാമെന്നു ചർച്ച ചെയ്ത് അതിനനുസൃത പ്രവർത്തനങ്ങൾ നടത്തുന്നു- ക്ലാസ്സ് . പി.ടി.എ സംഘടിപ്പിക്കൽ.

2025/06/23 16:10

## ശ്രദ്ധ (മികവിലേക്കൊരു ചുവട്)

x ——— x

ശ്രദ്ധ പദ്ധതി പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്താനും അവരെ മുൻനിരയിൽ എത്തിക്കാൻ സഹായകമാവുന്ന പഠന വിഭവങ്ങൾ നൽകാനും ലക്ഷ്യമിടുന്നു.

3-10 ക്ലാസ്സിലെ മലയാളം, ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ വിഷയങ്ങളിൽ പ്രയാസം നേരിടുന്ന കുട്ടികൾക്കാണ് മുൻഗണന.

* അഭിപ്രായങ്ങളും അനുഭവങ്ങളും തുറന്ന് പറയാൻ ഓരോ കുട്ടിക്കും അനുഭവം നൽകും.
* കുട്ടിയുടെ ഓരോ നേട്ടത്തെയും പ്രോത്സാഹിപ്പിക്കും.
* എല്ലാവർക്കും തുല്യ പരിഗണന നൽകും.
* പഠന പുരോഗതി രക്ഷിതാക്കളെ നിരന്തര അറിയിക്കും.
* പ്രവർത്തനങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പ് വരുത്തും.

1.15pm മുതൽ 1.55pm വരെ നിഷ്കർഷിച്ചിട്ടുള്ള സമയമാണ് ശ്രദ്ധ എന്ന ഈ പദ്ധതിക്ക് വിനിയോഗിച്ച് വരുന്നത്. 3-10 ക്ലാസ്സ് അധ്യാപകരാണ് ഇതിനുള്ള ചാർജ് നൽകിയിരിക്കുന്നത്.

2025 06 23 16:26

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

x———x

* അക്കാദമിക കാര്യക്ഷമതയും ഗുണമേന്മയും

കാര്യക്ഷമതാ ഗുണമേന്മ

- നിശ്ചിത പഠന സമയം ഉറപ്പ് വരുത്തൽ
- ശേഷികൾ ഉറപ്പാക്കൽ
- ഓരോ ടേം പരീക്ഷകൾക്ക് ശേഷവും പ്രത്യേക പഠന പിന്തുണാ പരിപാടി.
- പ്രത്യേക വിഷയ പ്രവർത്തനങ്ങൾ.

* മൂല്യനിർണ്ണയ രീതിശാസ്ത്ര പരിഷ്കരണം

- പഠന പുരോഗതി രേഖ
- നിരന്തര ഉചിത വിലയിരുത്തലും സങ്കേതങ്ങളും പിന്തുണയും.

* സാങ്കേതിക വിദ്യ.

- ICT സാധ്യത പ്രയോജനപ്പെടുത്തുക.

* ദിനാചരമായ പ്രവർത്തനങ്ങൾ

2025 06 23 16:26

* പ്രത്യേക പിന്തുണ :- പ്രവർത്തനങ്ങൾ വേണ്ട കുട്ടികൾക്കുള്ള പഠന പിന്തുണ പ്രവർത്തനങ്ങൾ

- എല്ലാ ദിവസവും ഉച്ചയ്ക്ക് 1.30 മുതൽ 2.15 വരെ 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് നൽകി വരുന്നു.

1 ക്ലാസ്സ്
2 ക്ലാസ്സ് } 1-ാം ക്ലാസ്സ് ടീച്ചർ

3 ക്ലാസ്സ്
4 ക്ലാസ്സ് } 4-ാം ക്ലാസ്സ് ടീച്ചർ.

* നൂതനമായ പ്രവർത്തനങ്ങൾ

ഒരു പുതിയ പരിപാടി എന്ന നിലയിൽ 1 മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഓരോ മാസവും ഓരോ Topic അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ അസംബ്ലിയിൽ വായിക്കുന്നു. അത് notice Boardൽ എഴുതി ഇടുന്നു. മാസാവസാനം അതിനെ ബന്ധപ്പെട്ട് ക്വിസ്സ് നടത്തുകയും വിജയിയെ കണ്ടെത്താനും തീരുമാനിച്ചു.

ജൂൺ - പരിസ്ഥിതി ദിനം
വായന ദിനം
ജൂലൈ - ചാന്ദ്ര ദിനം

2025 06 23 16:26

* ഗവേഷണ പ്രവർത്തനങ്ങൾ.

- പുതിയ പാഠപുസ്തകങ്ങൾ (പുതിയ കരിക്കുലം)
- പ്രാദേശിക അക്കാദമിക ആവശ്യങ്ങൾ

* പരിശീലനങ്ങൾ

- അവധിക്കാല അധ്യാപക പരിശീലനങ്ങൾ
- പ്രീപ്രൈമറി അധ്യാപക പരിശീലനം

* വിദ്യാലയ സമിതികളും മറ്റു വകുപ്പുകൾ/ സ്ഥാപനങ്ങളും.

- വിദ്യാലയ തല സമിതികൾ
  - PTA
  - CPTA
  - MPTA
  - SMC
  - SMG

* പ്രചാരണ പ്രവർത്തനങ്ങൾ

പഠനോത്സവങ്ങൾ

ഭവന സന്ദർശനങ്ങൾ

മറ്റു പ്രചാരണ പ്രവർത്തനങ്ങൾ

2025 06 23 16:26

ഓഗസ്റ്റ് - സ്വാതന്ത്ര്യദിനം

സെപ്റ്റംബർ - സിഗ്നലുകൾ.

ഒക്ടോബർ - ഗാന്ധിജയന്തി

നവംബർ - കേരളം

ഡിസംബർ - ഗണിതം

ജനുവരി - പൊതുവിജ്ഞാനം

ഫെബ്രുവരി - ശാസ്ത്രം

മാർച്ച് - പുരസ്കാരങ്ങൾ.

2025 06 23 16:26